പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4592 17.12.2014 ലെ മറുപടിയ്ക്ക്

പാതയോരങ്ങളിൽ ആധുനിക രീതിയിലുള്ള ദിശാബോർഡുകൾ

| ചോദ്യം<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.വി.ഡി.സതീശൻ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ച് സഞ്ചാരികൾക്ക് വ്യക്തമായ ദിശ അറിയിക്കുന്നതിന് പാതയോരങ്ങളിൽ ആധുനിക രീതിയിലുള്ള ദിശാബോർഡുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് ഉടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) | ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ച് സഞ്ചാരികൾക്ക് വ്യക്തമായ ദിശ അറിയിക്കുന്നതിന് പാതയോരങ്ങളിൽ ദിശാബോർഡുകൾ സ്ഥാപിക്കുന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി) | പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തനങ്ങളും വിശദമാക്കുമോ; | ബി) | സഞ്ചാരികൾക്ക് ടൂറിസം കേന്ദ്രങ്ങളെക്കുറിച്ച് വ്യക്തമായ വിവരം നൽകുന്നതിനായി ദിശാബോർഡുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. |
| സി) | എന്തെല്ലാം വിവരങ്ങളാണ് ദിശാബോർഡുകളിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | സി) | വിവിധ തരത്തിലുള്ള ബോർഡുകളാണ് സ്ഥാപിച്ചത്. വിനോദസഞ്ചാരകേന്ദ്രത്തിന്റെ പേര്, ദൂരം, ചിത്രങ്ങൾ, എന്നിവ ബോർഡുകളുടെ തരമനുസരിച്ച് ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ മൊബൈൽ ആപ്ലിക്കേഷൻ വഴി ടൂറിസം വകുപ്പിന്റെ വെബ്സൈറ്റിൽ പ്രവേശിക്കാനുള്ള ക്യൂ.ആർ.കോഡും ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | ആരെല്ലാമാണ് പദ്ധതിയുടെ നടത്തിപ്പിനായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) | സർക്കാർ നിയന്ത്രണത്തിലുള്ള നാറ്റ്പാക്ക് എന്ന സ്ഥാപനം മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത് |

സെക്ഷൻ ഓഫീസർ